**ഭരണഭാഷ മാതൃഭാഷ**

*നമ്പർ.സി5/8/2014/ഡി.പി.ഐ.*

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി.28/05/2014.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പരീക്ഷാ ഭവൻ - ജീവനക്കാരുടെ സ്ഥലംമാറ്റം 2014-15 -അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ 2014-15 വർഷത്തിൽ ഉണ്ടാകുന്ന സീനിയർ ക്ലാർക്കുമാരുടെ ഒഴിവിലേയ്ക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ജോലി നോക്കി വരുന്ന സീനിയർ ക്ലാർക്കുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താൽപര്യമുള്ള സീനിയർ ക്ലാർക്കുമാർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം/അഭിപ്രായക്കുറിപ്പു സഹിതം 2014 ജൂൺ 15-ന് വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി നേരിട്ടോ തപാൽ മുഖേനയോ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. വൈകി ലഭിക്കുന്നതും. അപൂർണവും, ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്താത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഇതോടൊന്നിച്ചു തന്നെ ഹെഡ് ഓഫീസ് യൂണിറ്റിൽ (ഡി.പി.ഐ. ഓഫീസ്, ടെക്സ്റ്റ് ബുക്ക് ഓഫീസ്) ജോലി നോക്കി വരുന്ന പി.റ്റി.എം./എഫ്.റ്റി.എം., ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് (എൽ.ഡി./യു.ഡി.), ഡ്രൈവർ (എൽ.ഡി.വി./എച്ച്.ഡി.വി.), ക്ലാർക്ക്-സീനിയർ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാർക്കും 2014-15 വർഷം പരീക്ഷാ ഭവനിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് യൂണിറ്റ് ഓഫീസർ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

5 വർഷക്കാലത്തേയ്ക്കാണ് പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ സ്ഥലം മാറ്റം നൽകി നിയമിക്കുന്നത്. മുൻകാലങ്ങളിൽ പരീക്ഷാ ഭവനിൽ ജോലി ചെയ്തു വരവെ അച്ചടക്ക നടപടികൾക്ക് വിധേയരായ ജീവനക്കാർ വീണ്ടും പരീക്ഷാ ഭവനിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കേണ്ടതില്ല.

**മനോഹരൻ കടുവങ്ങൽ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)**

പകർപ്പ് :

1. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. നോട്ടീസ് ബോർഡ്

**ഭരണഭാഷ മാതൃഭാഷ**

## പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് വിവിധ തസ്തികകളിലേയ്ക്ക് സ്ഥലംമാറ്റത്തിനായുള്ള അപേക്ഷ

1. പേര്, ഉദ്യോഗപ്പേര്, ഫോൺ നമ്പർ :

2. ഇപ്പോൾ ജോലി നോക്കി വരുന്ന ഓഫീസ് :

3. പെൻ നമ്പർ :

4. ജനന തീയതി :

5. സർക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതി :

6. ആകെ പൂർത്തിയാക്കിയ സേവന കാലം :

7. ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച തീയതി :

8. പരീക്ഷാ ഭവനിലെ ജോലികളിൽ മുൻ പരിചയം
   എ) ജോലി നോക്കിയ തസ്തിക :
   ബി) ജോലി നോക്കിയ കാലയളവ് :

9. വകുപ്പുതല അച്ചടക്ക നടപടികൾ സംബന്ധിച്ച വിവരങ്ങൾ :

### പ്രസ്താവന

മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സത്യമാണ്.

ഒപ്പ് :

തീയതി.

പേര്:

### ഓഫീസ് മേധാവിയുടെ അഭിപ്രായക്കുറിപ്പ്

ഓഫീസ് മേധാവി